**പതിനാലാം കേരള നിയമസഭ**

**<u>പതിനേഴാം സമ്മേളനം</u>**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1210**</u> <u>05.03.2020 -ൽ മറുപടിയ്ക്ക്</u>

**<u>പാറശാല മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി</u>**

| | **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) | സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പാറശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് നവീകരിക്കുന്നത്; ആയതിലേക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പരശുവയ്ക്കൽ, കുന്നത്തുകാൽ എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഒരു വില്ലേജിന് 44,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പരശുവയ്ക്കൽ, കുന്നത്തുകാൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം കരാറുകാർ നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; | (ബി) | ട്രഷറി നിയന്ത്രണം നിലവിലുള്ളതിനാൽ ബില്ലുകൾ മാറി നൽകാൻ കാലതാമസം വരുന്നതിനാലാണ് കരാറുകാർ നിർമ്മാണ പ്രവർത്തനം നിർത്തി വച്ചിട്ടുള്ളത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേന ബാങ്കുകൾ വഴി ബിൽ മാറി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്വന്തമായി കെട്ടിടമില്ലാത്ത വെള്ളറട വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ? | (സി) | വെള്ളറട വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**